**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **24-06-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖല ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തനലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യ വർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക സ്വകാര്യ സംരംഭകരുടെ പ്രോത്സാഹനം എന്നിവയുടെ സമഗ്രപഠനമാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ.<br><br>പ്രസ്തുത സമിതി ഓരോ ജില്ലകളിലുമുള്ള സംഘങ്ങളിൽ പോയി നേരിട്ട് പഠനം നടത്തി വരുന്നു.<br><br><u>സംസ്ഥാനത്തെ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന നിലവിലെ ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.</u><br><br>I) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി |

II) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

1) കഴിഞ്ഞുൽ സബ്സിഡി

2) ചായം, രാസവസ്തുക്കൾ എന്നിവയ്ക്കുള്ള സബ്സിഡി

3) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

III) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

IV) യുവവീവ് പദ്ധതി

V) അംശദാന മിതവ്യയ ഫണ്ട്

VI) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെൻറീവ് സ്കീം)

VII) ഇൻകം സപ്പോർട്ട് സ്കീം

VIII) ഹാന്റ്ലൂം മാർക്ക്

IX) എക്സിബിഷൻ ഗ്രാന്റ്

X) കയറ്റുമതി പ്രോത്സാഹനപദ്ധതി

XI) മികച്ച നെയ്ത്തുകാർക്കും സംഘങ്ങൾക്കുമുള്ള അവാർഡ്

XII) സർക്കാർ ഓഹരി പങ്കാളിത്തം

XIII) കൈത്തറി ഉൽപന്നങ്ങളുടെ വിൽപ്പനയ്ക്കായുള്ള റിബേറ്റ്

XIV)കൈത്തറി ഗ്രാമം / സമഗ്ര കൈത്തറി ഗ്രാമം പദ്ധതി

കൂടാതെ, കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടേയും ശാരീരിക /നേത്ര ആരോഗ്യം ഉറപ്പ് വരുത്തുന്നതിനായി “കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടേയും ആരോഗ്യ പരിപാടി” പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 15 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി, 2024-25 സാമ്പത്തിക വർഷം 4 ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൈത്തറി വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച്, കൈത്തറി മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ